(14) കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി

ശ്രീ. എഴുകോൺ നാരായണൻ : സർ, സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ സർക്കാർ അടിയന്തിരനടപടി സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇൻഡ്യയ്ക്ക് ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടിത്തരുന്ന കശുവണ്ടി വ്യവസായത്തിൽ രണ്ട് ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളും പാവപ്പെട്ടവരുമാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ നിരക്കിൽ ജോലി ചെയ്യുന്നതും കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികളാണ്. അതുകൊണ്ടുതന്നെ കാലതാമസം കൂടാതെ കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ മിനിമം കൂലി സർക്കാർ നോട്ടിഫിക്കേഷനിലൂടെ പുതുക്കി നിശ്ചയിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)* : ബഹുമാനപ്പെട്ട എഴുകോൺ നാരായണൻ ഇവിടെ ചൂണ്ടിക്കാണിച്ചപോലെ കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. രണ്ട് ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതു സംബന്ധിച്ച് ആദ്യം നിർദ്ദേശം വന്നത് കമ്മിറ്റിയെ നിയോഗിച്ച് അത് പുതുക്കാം എന്നുള്ളതായിരുന്നു. പക്ഷേ, തൊഴിലാളികളുടെ വിവിധ യൂണിയനുകൾ ഉൾപ്പെടെ സമരരംഗത്ത് വന്ന് അവരുമായുള്ള ചർച്ചയിൽ ധാരണയുണ്ടാക്കിയതുപ്രകാരം 51(ബി) നോട്ടിഫിക്കേഷൻ അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. പത്ത് ദിവസത്തിനകം നോട്ടിഫിക്കേഷൻ ഇറക്കാൻ കഴിയുമെന്ന് കരുതുന്നു.

(15) എള്ളേരി അഡ്ജോയിനിംഗ് വില്ലേജസ് കുടിവെള്ള പദ്ധതി പൂർത്തിയാക്കാൻ നടപടി

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ വെസ്റ്റ് എള്ളേരി പഞ്ചായത്തിൽ എൽ.ഐ.സി.-യുടെ സഹായത്തോടെ ആരംഭിച്ച എള്ളേരി അഡ്ജോയിനിംഗ് വില്ലേജസ് കുടിവെള്ള പദ്ധതി ഇപ്പോൾ പാതി വഴിയിലാണ്. കിണറും വാട്ടർ ടാങ്കും പൂർത്തിയായെങ്കിലും ഫണ്ടിന്റെ അഭാവംകൊണ്ട് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഈ പ്രദേശത്ത് കുടിവെള്ളമെത്തിക്കുന്നതിന് ഈ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : സർ, ശ്രീ. സതീശ്ചന്ദ്രന്റെ നിയോജക മണ്ഡലത്തിലുള്ള വെസ്റ്റ് എള്ളേരി കുടിവെള്ള പദ്ധതിയിൽ കിണറും പമ്പ് ഹൗസിന്റെ 45% പണിയും പൂർത്തിയായിട്ടുണ്ട്. മറ്റ് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ശുദ്ധീകരണശാലയുടെ പണി ടെൻഡർ ചെയ്യുന്നതിനുള്ള എൻ.ഐ.റ്റി. സൂക്ഷ്മ പരിശോധനയിൽ കിണറും പമ്പ് ഹൗസും ഉൾക്കൊള്ളുന്ന ഭാഗം പാർഷ്യലായി കമ്മീഷൻ ചെയ്യാൻ പറ്റുമെന്നാണ് മനസ്സിലായത്. പത്ത് മാസത്തിനുള്ളിൽ അത് ചെയ്യാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് നീങ്ങുന്നത്. ഇതിന്റെ പ്രധാന വശം എൽ.ഐ.സി. ധനസഹായമാണ്. എൽ.ഐ.സി. ധനസഹായം, മൊത്തം ചെലവിനുള്ള തുക നമുക്ക് കിട്ടില്ല. 40% ലഭിക്കും. അവശേഷിക്കുന്ന 60% വാട്ടർ അതോറിറ്റിയുടെ ബഡ്ജറ്റിൽ ചാർജ്ജ് ചെയ്തുപോകണം. അതിന് സാമ്പത്തിക പരിമിതി ഉള്ളതുകൊണ്ടാണ് ഈ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്. എന്നാൽപ്പോലും ഈ പരിമിതിയുടെ മധ്യത്തിൽനിന്ന് മുന്നോട്ടു പോകാൻ പറ്റുമോ എന്ന് പരിശോധിക്കാം. അതോടൊപ്പംതന്നെ ആ പ്രദേശത്ത് വാട്ടർ അതോറിറ്റിക്ക് കൊടുക്കാനുള്ള കടംകൂടി തീർക്കാൻ അങ്ങ് മുൻകൈ എടുക്കണമെന്ന് അപേക്ഷിക്കുകയാണ്. ഞങ്ങൾ ഒൻപത് രൂപ വിലയ്ക്ക് ഉൽപ്പാദിപ്പിച്ച് മൂന്ന് രൂപയ്ക്കാണ് വിതരണം ചെയ്യുന്നത്. ഒരു കിലോ ലിറ്റർ വെള്ളം കൊടുക്കുമ്പോൾ ആറ് രൂപ നഷ്ടമാണ്. ഈ നഷ്ടപ്പെട്ട് കൊടുക്കുന്നതിൽത്തന്നെ കുറച്ച് ഡ്യൂസ് ഉണ്ടെങ്കിൽ അത് അടയ്ക്കാനുള്ള ക്രമീകരണം ചെയ്താൽ നന്നായിരിക്കും.

(16) 2002 മുതൽ പട്ടികജാതി/വർഗ്ഗ വകുപ്പ് നടപ്പിലാക്കിയ പരിശീലന കോഴ്സുകൾക്ക് അംഗീകാരമില്ലാത്തതിനാൽ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. വി. കെ. ചന്ദ്രൻ: സർ, പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 2002 മുതൽ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയ കംപ്യൂട്ടർ പരിശീലനത്തിന് ഇ.ടി.എൻ. ടി. എന്നു പറയുന്ന സ്ഥാപനത്തിന് അനുമതി നൽകുകയും അവിടെ പഠിക്കാത്ത കുട്ടികൾക്കുപോലും സർക്കാരിന്റെ തുക ഫീസായി നൽകി ദുരുപയോഗം ചെയ്ത് ഒട്രയിനിംഗ് പരിശീലനത്തിനും പി.ജി.ഡി.സി.എ. ഉൾപ്പെടെയുള്ള നിരവധി കോഴ്സുകൾക്ക് സർക്കാരിന്റെ അംഗീകാരമോ പ്രോജക്ട് റിപ്പോർട്ടുകളോ തയ്യാറാക്കാതെ ചില സ്ഥാപനങ്ങളെ അനുവദിച്ചതിന്റെ ഭാഗമായി കോടിക്കണക്കിന് രൂപ നഷ്ടപ്പെടുകയുണ്ടായി. അത് ഞാൻ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരിക്കൽ പറഞ്ഞതാണ്. ഇപ്പോൾ ഈ കാര്യത്തെക്കുറിച്ച് അന്വേഷിക്കുന്നതായി അറിയാൻ കഴിഞ്ഞു. ഈ സ്ഥാപനങ്ങളിൽ അന്ന് പഠിക്കാൻ ചേർന്ന കുട്ടികളുടെ എല്ലാവിധ സർട്ടിഫിക്കറ്റുകളും അധികൃതർ വാങ്ങിവച്ചു. ഇപ്പോൾ കേസും കോടിക്കണക്കിന് രൂപയുടെ അഴിമതിയും വന്നപ്പോൾ ഈ കുട്ടികൾക്ക് സർട്ടിഫിക്കറ്റ്

LIBRARY ARCHIVES Kerala Legislative Assembly